പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4891 — 01-07-2013 ൽ മറുപടിക്ക്

## ലഹരി വിരുദ്ധ ക്ലബ്ബുകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. എം. എ.വാഹീദ്<br>ശ്രീ. എ. റ്റി .ജോർജ്<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. 29-08-2011-ലെ ജി.ഒ. (എം.എസ്) 115/ 2011/നിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ, ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.. |
| (ബി) ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന്റെ ചുമതല ബന്ധപ്പെട്ട എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർമാർക്കാണ്. റെയ്ഞ്ച് ഇൻസ്പെക്ടർ, പ്രധാന അദ്ധ്യാപകൻ, പി.റ്റി.എ., മദർ പി.റ്റി.എ., തദ്ദേശ സ്ഥാപന പ്രതിനിധി എന്നിവരുമായി ബന്ധപ്പെട്ട് ഇതിലേക്ക് താല്പര്യമുള്ള കുട്ടികളെ അംഗങ്ങളാക്കി ക്ലബ്ബുകൾ രൂപീകരിക്കണം. സ്കൂളിലെ പ്രധാന അദ്ധ്യാപകൻ, പി. റ്റി.എ. പ്രസിഡന്റ്, തദ്ദേശ സ്ഥാപന/പഞ്ചായത്തംഗം, എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികൾ ആയിരിക്കും. സ്കൂളിലെ പ്രധാന അദ്ധ്യാപകൻ നിർദ്ദേശിക്കുന്ന ഈ വിഷയത്തിൽ താല്പര്യമുള്ള ഒരദ്ധ്യാപകൻ ക്ലബ്ബിന്റെ കൺവീനറായിരിക്കും. ക്ലബ്ബിലെ അംഗങ്ങളിൽ നിന്നു തന്നെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തിരഞ്ഞെടുക്കണം. ക്ലബ്ബ് ഒരു മാസത്തിലൊരിക്കലെങ്കിലും യോഗം കൂടേണ്ടതും, പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. ആയതിന്റെ റിപ്പോർട്ട്, എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർക്ക് നൽകേണ്ടതും, അദ്ദേഹം പ്രധാന അദ്ധ്യാപകനുമായി ബന്ധപ്പെട്ട്, ആദ്യ യോഗം വിളിച്ചു കൂട്ടേണ്ടതും, രക്ഷാധികാരികളടക്കം എല്ലാവരും ആദ്യയോഗത്തിൽ ഉണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.<br><br>ലഹരി വിരുദ്ധ ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മദ്യ-മയക്കുമരുന്ന്-പുകയില ഉല്പന്നങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. |

2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക.

3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂളുകളുടെ സമീപം മദ്യ-മയക്കുമരുന്ന്-പുകയില ഉല്പന്നങ്ങളുടെ ലഭ്യത ഇല്ലാതാക്കുക.

4. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി, ഈ ദു:ശ്ശീലത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കുക.

5. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി ബോധവൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും, ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്യുക.

| | | | |
|---|---|---|---|
| (സി) | പുതിയ തലമുറയെ ബോധവൽക്കരിക്കുന്നതിന് ഇത്തരം ക്ലബ്ബുകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് അവാർഡ് നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | 2012 മുതൽ, മികച്ച ലഹരി വിരുദ്ധ ക്ലബ്ബിനെയും, അംഗത്തേയും, മികച്ച ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, സംസ്ഥാനതല അവാർഡ് എക്സൈസ് വകുപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ